1	1--1	ഓഡിറ്റ് സാക്ഷ്യപത്രം	വായിച്ചു ബോധ്യപ്പെട്ടു
2	1--1--1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	തുടർ വർഷങ്ങളിൽ അടി സ്ഥാന സാമ്പത്തിക അനുപാതം ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്
3	1--1--2	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	ഐ.കെ.എം ന് സൂചിക സോഫ്റ്റ് വെയർ മുഖേന അപാകത രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പരിഹരിച്ച് വന്നിട്ടില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ് മെൻറ് സോഫ്റ്റ് വെയർ ജനറേറ്റഡ് ആണ്. ആകയാൽ ടി പരാമർശം ഒഴിവാക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
4	1--1--3	സഞ്ചയയിൽ നിന്നുള്ള ഡി.സി.ബി റിപ്പോർട്ട് - വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല	വസ്തുനികുതി സോഫ്റ്റ് വെയർ സഞ്ചയയിലെ സാങ്കേതിക പിഴവ് മൂലമാണ് അക്കൌണ്ട്സും സഞ്ചയ ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാത്തത്.ഇത് ഐ.കെ.എം ൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ് വെയർ എറർ മൂലമുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിന് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
5	1--1--4	വിവിധ ഫണ്ടുകളുടെ എ.സി.ആറും ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല	എ.സി.ആർ, ഗ്രാൻറ് സ്റ്റേറ്റ്മെൻറ് എന്നിവ വാർഷികകണക്കുമായി താരതമ്യം ചെയ്യുമ്പോൾ വികസന ഫണ്ട് ജനറൽ, മെയിൻറനൻസ് ഗ്രാൻറ് റോഡ് എന്നീ ഫണ്ടുകളുടെ ബില്ലുകൾ 2023-24 ൽ നൽകിയവ പാസാകാതെ ട്രഷറിയിൽ ക്യൂബില്ലിൽ ഉൾപ്പെട്ട തിനാലും അവ സ്പിൽ ഓവറായി 2024-25 ൽ പാസായി ലഭിക്കേണ്ടതിനാലും ടി ബില്ലുകൾ സാംഖ്യ വെബിൽ നിന്നും ക്യാൻസൽ ചെയ്താൽ പിന്നീട് 2024-25 ൽ സോഫ്റ്റ് വെയറിൽ സ്പിൽ ഓവറായി പാസാക്കാൻ സാധിക്കാത്തതിനാലുമാണ് ഈ പൊരുത്തക്കേട് മാനുവലായി പരിഹരിക്കാൻ സാധിക്കാത്തത് എന്നും ആകയാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും ഒഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
6	1--1--5	രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല	അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ ബി7,ബി18 എന്നി ഷെഡ്യൂളുകളെ സാധൂകരിക്കും വിധം തയ്യാറാക്കി സൂക്ഷിക്കുന്നതാണ്

7	1--1--6	വെള്ളക്കരം കുടിശ്ശിക - ബാലൻസ് ഷീറ്റിൽ ചേർത്തില്ല	വാട്ടർ അതോറിറ്റിയിൽ നിന്നും വരുന്ന മാസം തോറുമുള്ള വാട്ടർ ചാർജ്ജ് ഡിമാൻറുകളുടെ വിവരവും അവയുടെ പൊരുത്തക്കേടും ചുവടെ ചേർക്കുന്നു. 04/2023 മാസത്തെ ബില്ലിൽ 571 ടാപ്പുകളുടെ ഡിമാൻറ് 5343016/-രൂപയാണ്(നിരക്ക്-9357.29). 07/2023 മാസത്തെ ബില്ലിൽ 450 ടാപ്പുകളുടെ ഡിമാൻറ് 5039200/-രൂപയാണ്(നിരക്ക്-11198.2). 07/2024 മാസത്തെ നിലവിലെ ബില്ലിൽ 450ടാപ്പുകൾക്ക് 9989870/-രൂപ (നിരക്ക്-14559.12). ആകയാൽ ഇങ്ങനെ വ്യത്യസ്തമായ രീതിയിലും നിലവിലുള്ള 66 ടാപ്പുകൾക്കല്ലാതെ 450 ടാപ്പുകൾക്കും കരം ചുമത്തിയിട്ടുള്ളതിനാലും കുടിശ്ശിക അടവാക്കുന്നതിനും ഡിമാൻറ് വരുന്ന തുക അടവാക്കുന്നതിനും ഭരണസമിതി അംഗീകരിച്ചിട്ടില്ലാത്തതിനാലുമാണ് എന്നും ആകയാൽ 275412/-രൂപ മാത്രമാണ് മാസം തോറും അടവാക്കി വരുന്നത് എന്നും അറിയിക്കുന്നു. ആകയാൽ കുടിശ്ശികയായി വന്നിട്ടുള്ളത് തുക 450 ടാപ്പുകളുടെ ബില്ലിലെ കുടിശ്ശികയായാണ് കണക്കാ്കകി വരുന്നത്.നിലവിൽ 66 ടീപ്പുകൾ മാത്രമുള്ളതിനാലും മുഴുവൻ ടാപ്പുകളും വിച്ഛേദിക്കുന്നതിന് തീരുമാനമെടുത്ത് നൽകിയിട്ടുള്ളതിനാലും അന്യായമായി ഡിമാൻറ് ചെയ്തീടുള്ള ടി തുക കുടിശ്ശികയായി കണക്കാമോ എന്ന് പരിശോധിക്കുന്നതിനും അടിയന്തിരമായി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക ശരിയായി കണക്കാക്കി തരുന്നമുറയ്ക്കും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായും നടപടിയാകുന്ന മുറയ്ക്ക് ലയബിലിറ്റി തുക ക്യത്യമാക്കി രേഖപ്പെടുത്തുന്നതാണെന്നും അറിയിക്കുന്നു.വാട്ടർ അതോറിറ്റിക്ക് നൽകേണ്ട അർഹമായ കുടിശ്ശിക അടവാക്കുന്നതാണെന്നും മേൽ പരാമർശം ഒഴിവാക്കണമെന്നും ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
8	1--1--7	ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	ഡിമാൻറ് എൻട്രികൾ യഥാസമയം വരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്.പരാമർശം ഒഴിവാക്കണമെന്ന് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
9	1--1--8	പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല	പഞ്ചായത്തിൻറെ സ്ഥലത്തിൻറെ മൂല്യനിർണ്ണയം നടത്തപ്പെടാത്തതിനാൽ ആസ്തി രജിസ്റ്ററിൽ ടി മൂല്യം ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇത് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
10	1--1--9	ഒരേ അക്കൌണ്ട് വാർഷികകണക്കിൽ രണ്ടായി ചേർത്തിരിക്കുന്നു	അപാകത പരിഹരിക്കുന്നതാണ്

11	1--1--10	തുകയുടെ കൃത്യത വിശദീകരിച്ചില്ല	തുകയുടെ സ്രോതസ്സ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്
12	1--1--11	തുക ക്രമീകരിച്ചില്ല	നിലവിൽ ക്രമീകരിച്ചിട്ടുണ്ട്.
13	1--2	ബജറ്റ്	ബജറ്റ് പ്രകാരം വരവ് ചെലവ് ക്രമീകരിക്കുന്നതിന് ശ്രദ്ധ പുലർത്തുന്നതാണ്
14	1--2--1	ബജറ്റ്-അവലോകനം	അക്കൌണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് മേൽ ഓഫീസുകളിൽ നിന്നാകയാൽ ബഹു.ജോയിൻറ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പിന് കത്തയക്കുന്നതിന് തീരുമാനിച്ചു.
15	1--3	സാമ്പത്തിക വിശകലനം	വായിച്ചു ബോധ്യപ്പെട്ടു.
16	1--4	ഫണ്ട് വിനിയോഗം	വായിച്ചു ബോധ്യപ്പെട്ടു.
17	1--5	പദ്ധതി അവലോകനം	വായിച്ചു ബോധ്യപ്പെട്ടു.
18	1--6	തൊഴിലുറപ്പ് പദ്ധതി	വായിച്ചു ബോധ്യപ്പെട്ടു.
19	1--7	ക്ഷേമപദ്ധതികൾ	വായിച്ചു ബോധ്യപ്പെട്ടു.
20	1--8	ക്യാഷ് വേരിഫിക്കേഷൻ	വായിച്ചു ബോധ്യപ്പെട്ടു.

21	1--9	ആഭ്യന്തര നിയന്ത്രണം	1. വാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണ്. 2.നിർവ്വഹണ ഏജൻസികൾക്ക് കാലാകാലങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണ്. 3.അഡ്വാൻസ് രജിസ്റ്ററും, ആസ്തി രജിസ്റ്ററും അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുന്നതാണ് 4.എല്ലാ പൊതുടാപ്പുകളും ഡിസ്കണക്ട് ചെയ്യുന്നതിന് തീരുമാനമെടുത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതാണ്. നിലവിൽ 66 ആക്ടീവ് ടാപ്പുകൾ മാത്രമേ ഉള്ളൂ എന്ന് 2 വർഷത്തിനുമുമ്പുള്ള ജോയിൻറ് വേരിഫിക്കേഷൻ ഉണ്ടെങ്കിലും നാളിതുവരെ 450 ടാപ്പുകൾക്കാണ് ഡിമാൻറ് വരുന്നത്.. 5. പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ്. 6. വായ്പ തുക രണ്ട് തവണ ലഭിച്ചത് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തിരികെ കെ.യു.ആർ.ഡി.എഫ്.സിക്ക് അടവാക്കിയിട്ടുണ്ട്.
22	1--10	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ-ഒരു അവലോകനം-	വായിച്ചു ബോധ്യപ്പെട്ടു
23	1--11	ബാല സൗഹൃദ ബജറ്റ്	ഓഡിറ്റ് വകുപ്പ് നൽകിയ അംഗീകാരത്തിന് പഞ്ചായത്ത് ഭരണസമിതി നന്ദി രേഖപ്പെടുത്തി
24	1--12	ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 2500/- രൂപാ സ്ഥാപന തൊഴിൽ നികുതി ഈടാക്കി	വായിച്ച് ബോധ്യപ്പെട്ടു

25	1--13	ടർഫിന്റെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല - പെർമിറ്റ് ഫീസിനത്തിൽ 2,26,716/- രൂപ നഷ്ടം	ഒാഡിറ്റ് പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുകയും ടർഫിന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് കത്ത് നൽകുന്നതിനും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ക്രമവത്കരണ ഫീസും നിയമ പ്രകാരമുള്ള വസ്തു നികുതിയും അടിയന്തിരമായി ഈടാക്കി പ്രസ്തുത വിവരം ഒാഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് തീരുമാനിച്ചു . ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. ഫീൽഡ് അന്വേഷണം നടത്തി അനധികൃത കെട്ടിട നിർമ്മാണം തടയുന്ന നടപടി കാര്യക്ഷമം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്,
26	1--14	അനധികൃത നിർമ്മാണം യു.എ നമ്പർ നൽകി ക്രമപ്രകാരമുള്ള വസ്തു നികുതി ഈടാക്കിയില്ല- 2,12,358/- രൂപയുടെ വരുമാന നഷ്ടം	ഒാഡിറ്റ് പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുകയും ടർഫിന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് കത്ത് നൽകുന്നതിനും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ക്രമവത്കരണ ഫീസും നിയമ പ്രകാരമുള്ള വസ്തു നികുതിയും അടിയന്തിരമായി ഈടാക്കി പ്രസ്തുത വിവരം ഒാഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് തീരുമാനിച്ചു . ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
27	1--15	സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് 6250/-രൂപയുടെ വരുമാന നഷ്ടം	എസ് ബി ഐ പുന്നപ്ര , റ്റി ആർ സി എം പി യു സൊസൈറ്റി , സെൻട്രൽ ഫിനാൻഷ്യൽ ക്രഡിറ്റ് ആന്റ് ഇൻവെസ്റ്റ് മെന്റ് കോപ്പറേറ്റീവ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് 2023-24 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്. സ്ഥാപന തൊഴിൽ നികുതി ഒടുക്കുക്കുന്ന മുറയ്ക്ക് ഒാഡിറ്റിൽ അറിയിക്കുന്നതാണ് ആയതിനാൽ പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
28	1--16	നിർവഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുക - വിവരങ്ങൾ ലഭ്യമല്ല	നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകുന്ന തുകയുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണ്.

29	1--17	തെരുവ് വിളക്ക് പരിപാലനം - നടപടി ക്രമങ്ങൾ പാലിച്ചില്ല	തെരുവു വിളക്ക് പരിപാലനം (2/24) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഒാഡിറ്റ് റിപ്പോർട്ടിൽ ലഭ്യമാക്കിയ പരാമർശങ്ങൾ വിശദമായി പരിശോധിക്കുകയും പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണ്. നടപ്പു വർഷത്തിൽ ഇതേ പദ്ധതിയുമായി ബന്ധപ്പെട്ട് അറ്റകുറ്റ പണികൾ നടത്തുന്നതിന് മുൻപായി വാർഡ് മെമ്പർമാരിൽ നിന്ന് റിപ്പയർ ചെയ്യേണ്ട ലൈറ്റുകളുടെ എണ്ണം (പോസ്റ്റ് നമ്പർ സഹിതം) ഉൾപ്പെടുന്ന അപേക്ഷ സ്വീകരിച്ച് ഫയലിൽ സൂക്ഷിക്കുന്നുണ്ട്.അറ്റകുറ്റ പണികൾക്കായി ലൈൻ ഒാഫ് ചെയ്യുന്നതിനായി കെ എസ് ഇ ബി ക്ക് സമയായമയങ്ങളിൽ കത്ത് നൽകുന്നുണ്ട്. കൂടാതെ നടപ്പു വർഷം തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിക്കുന്നതിൽ തൊഴിലാളികളുടെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. കൂടാതെ തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ ,റിപ്പയറിംഗിന്റെ ഭാഗമായി പഴയ സാധനങ്ങൾ തിരികെ എടുക്കുന്നതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ നടപ്പു സാമ്പത്തീക വർഷത്തിൽ കാലികമാക്കി സൂക്ഷിക്കുന്നുണ്ട് ആയതിനാൽ ഒാഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് ശുപാർശ ചെയ്തു തീരുമാനിച്ചു.
30	1--18	രണ്ട് വ്യത്യസ്ത തിയതികളിൽ ഒരേ ഇൻവോയ്സ് നമ്പറിലുള്ള രണ്ട് ബില്ലുകൾക്ക് തുക അനുവദിച്ചു	തരിശ് രഹിത കേരളം പ്രോജക്ട് പ്രകാരം 25 ടിഷ്യു കൾച്ചർ വാഴ അടങ്ങുന്ന 448 യൂണിറ്റ് ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി 11200 ടിഷ്യു കൾച്ചർ വാഴവിത്തിന്റെ വില 2,24,000/-രൂപ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെന്നും ടി സ്ഥാപനം രണ്ട് വ്യത്യസ്ത തിയതികളിൽ ഒരേ ഇൻവോയ്സ് നമ്പറിലുള്ള രണ്ട് ബില്ലുകൾ നൽകിയിട്ടുള്ളതായും ഇവയ്ക്ക് രണ്ടിനും തുക അനുവദിച്ചിട്ടുള്ളതായും കാണുന്നു. എന്ന പരാമർശത്തിൻ മേൽ നിർവ്വഹണ ഉദ്യോഗസ്ഥ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 13.02.2024 ലെ V-1769/A/23-24 ഇൻവോയ്സ് ഹാജരാക്കുകയും KAICO യുടെ ഓഫീസിൽ സംഭവിച്ച പിശകാണെന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ് എന്നാൽ ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ ഉപഭോക്താവിന്റെ ആവശ്യാനുസരണം ഇൻവോയ്സുകൾ മാറ്റി നൽകുന്നത് ക്രമപ്രകാരമല്ല. ഇത് നിർവ്വഹണഉദ്യോഗസ്ഥൻ നടപ്പാക്കിയ പ്രോജക്ടുകളിലെ ബില്ലുകളിൽ/ ഇൻവോയ്സുകളിൽ ഓഡിറ്റിന്റെ വിശ്വാസ്യത ഇല്ലാതാക്കുന്നു എന്ന പരാമർശത്തിൻ മേൽ പഞ്ചായത്ത് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കുകയും മേലിൽ ഇത്തരം തെറ്റുകൾ സംഭവിക്കാതിരിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്.

31	1--19	കുടുംബാരോഗ്യകേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക മുൻകൂർ നൽകിയിട്ടും നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായില്ല	കുടുംബാരോഗ്യകേന്ദ്രത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 121799/- രൂപ നൽകിയിട്ടുണ്ടെന്നും എന്നാൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ അതിനായി ചെലവഴിച്ച 121799/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു എന്ന ഒാഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കണമെന്ന് കാണിച്ച് മെഡിക്കൽ ഒാഫീസർക്ക് കത്തിന് നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല എന്ന് മെഡിക്കൽ ഒാഫീസർ അറിയിച്ചിട്ടുള്ളതാണ്. ഉപകരണങ്ങൾ ലഭ്യമാക്കി ഒാഡിറ്റ് ഒാഫീസിൽ അറിയിക്കുന്നതാണ്.
32	1--20	ലൈഫ് ലോൺ - വായ്പ തുക രണ്ട് തവണ അനുവദിച്ചത് തിരികെ ഒടുക്കിയില്ല	പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന് 23/06/2023,21/07/2023 തീയതികളിൽ അധികമായി വന്ന കെ.യു.ആർ.ഡി.എഫ്.സി ലോൺതുക 1540000/- and 3740000/-TOTAL **5280000**/-രൂപ **12/09/2024** തീയതിയിൽ S48996879 ട്രാൻസാക്ഷൻ ഐഡി പ്രകാരം Managing Director , KURDFC ൻറെ പേരിലുള്ള 110111330675 (IFSC CodeCNRB0000819) അക്കൌണ്ട് നമ്പറിലേക്ക് അടവാക്കിയിട്ടുള്ളതാണ്
33	1--21	പകർച്ചവ്യാധി നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ	പകർച്ച വ്യാധി നിയന്ത്രണം- വാർഡ് തല ശുചീകരണത്തിനായി നൽകിയ തുകയുടെ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ചും ഫണ്ട് സംബന്ധിച്ചുമുള്ള പരാമർശങ്ങളുടെ മറുപടിക്കായി മെഡിക്കലാഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.
34	1--22	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ ബാലൻസ് ലഭിക്കാനുണ്ടായിരുന്ന 128550/- രൂപയുടെ മരുന്നുകൾ 1-8-2024 ൽ കൈപ്പറ്റി സ്റ്റോക്ക് രജിസ്റ്ററിൽ 85,86 പേജ് നമ്പറുകളിലായി വരവു വച്ചിട്ടുള്ളതാണെന്നും സർട്ടിഫൈ ചെയ്ത ഒറിജിനൽ ഇൻവോയിസ് ഇംപ്ലിമെന്റിംഗ് ഒാഫീസർക്ക് ലഭ്യമാക്കിയിട്ടുള്ളതാണ് ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് ശുപാർ ചെയ്തു തീരുമാനിച്ചു
35	1--23	കടത്ത് ലേലം - ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല	പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് കടത്തുമായി ബന്ധപ്പെട്ട് ഒഡിറ്റിൽ പരാമർശിച്ചിരിക്കുന്ന രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. നടപ്പു സാമ്പത്തീക വർഷം മുതൽ ആവശ്യമായ രേഖകൾ എല്ലാം സൂക്ഷിക്കുന്നതാണ് ആയതിനാൽ ഈ പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
36	1--24	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ വെട്ടിക്കരി കരിമ്പാവളവ് -പൊന്നാകരി പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് നം. S0048/24 എന്ന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടില്ല ആയത് അടിയന്തിരമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഒാഡിറ്റിൽ ഹാജരാക്കുന്നതാണ് ആയതിനാൽ ഒാഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു

37	1--25	വെള്ളക്കരം - കുടിശ്ശിക ഒഴിവാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചില്ല	04/2023 മാസത്തെ ബില്ലിൽ 571 ടാപ്പുകളുടെ ഡിമാൻറ് 5343016/-രൂപയാണ്(നിരക്ക്-9357.29). 07/2023 മാസത്തെ ബില്ലിൽ 450 ടാപ്പുകളുടെ ഡിമാൻറ് 5039200/-രൂപയാണ്(നിരക്ക്-11198.2). 07/2024 മാസത്തെ നിലവിലെ ബില്ലിൽ 450ടാപ്പുകൾക്ക് 9989870/-രൂപ (നിരക്ക്-14559.12). ആകയാൽ ഇങ്ങനെ വ്യത്യസ്തമായ രീതിയിലും നിലവിലുള്ള 66 ടാപ്പുകൾക്കല്ലാതെ 450 ടാപ്പുകൾക്കും കരം ചുമത്തിയിട്ടുള്ളതിനാലും കുടിശ്ശിക അടവാക്കുന്നതിനും ഡിമാൻറ് വരുന്ന തുക അടവാക്കുന്നതിനും ഭരണസമിതി അംഗീകരിച്ചിട്ടില്ല എന്നും ആകയാൽ 275412/-രൂപ മാത്രമാണ് മാസം തോറും അടവാക്കി വരുന്നത് എന്നും അറിയിക്കുന്നു. ആകയാൽ കുടിശ്ശിക തുക അടവാക്കുന്നതിന് അടിയന്തിരമായി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക ശരിയായി കണക്കാക്കി തരുന്നമുറയ്ക്കും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായും നടപടിയാകുന്ന മുറയ്ക്ക് ലയബിലിറ്റി തുക ക്യത്യമാക്കി രേഖപ്പെടുത്തുന്നതാണെന്നും അറിയിക്കുന്നു.വാട്ടർ അതോറിറ്റിക്ക് നൽകേണ്ട അർഹമായ കുടിശ്ശിക അടവാക്കുന്നതാണെന്നും മേൽ പരാമർശം ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു
38	1--26	കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർ, നഴ്സ് എന്നിവർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല	കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർ, നഴ്സ് എന്നിവർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല എന്ന ഒാഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കണമെന്ന് കാണിച്ച് മെഡിക്കൽ ഒാഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. മെഡിക്കൽ ഒാഫീസറിൽ നിന്ന് വിവരം ലഭ്യമാക്കി ഒാഡിറ്റ് ഒാഫീസിൽ അറിയിക്കുന്നതാണ്.

39	1--27	പഴയ നടക്കാവ് ംപി.എസ് വെളി കൂട്ടുങ്ങൽ ഡ്രെയിനേജ് നിർമ്മാണം -അപാകതകൾ	2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് 3-ംാം വാർഡിൽ പി എസ് വെളി കൂട്ടുങ്കൽ ഒംാടനിർമ്മാണം എന്ന പദ്ധതിയിൽ നിലവിൽ ഉണ്ടായിരുന്ന ഒരു പൈപ്പ് ലൈനിലേയ്ക്ക് താഴ്ന്ന ഭാഗത്തെ മലിന ജലം എത്തിക്കാനുള്ള ഒംാട നിർമ്മാണം ആയിരുന്നു വിഭാവനം ചെയ്തിരുന്നത് ഒംാടയോട് അനുബന്ധിച്ച് പൈപ്പ് വന്ന ഭാഗത്ത് Cross drainage എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇത് അനുസരിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചത്. എന്നാൽ നിലവിൽ പൈപ്പ് മാറ്റി Cross drainage ചെയ്ത ഭാഗം ബാക്കിയുള്ള പൈപ്പിന്റെ ഇരു സൈഡിലും 25 cm വീതം കവർ ചെയ്താണ് side wall നിർമ്മാണം നടത്തിയിട്ടുള്ളത് . ആയതിനാലാണ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന 6-ാമത്തെ ഇനം അല്പം അധികരിച്ചു വന്നതായി കാണപ്പെട്ടത്, വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയും കൂടിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണിച്ച് അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകിയിട്ടുണ്ട് ആയത് പരിഗണിച്ച് ഒംാഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് ഒംാഡിറ്റ് ഒംാഫീസറോട് ശുപാർശ ചെയ്തു തീരുമാനിച്ചു
40	1--28	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മസ്റ്റർ റോൾ സൂക്ഷിക്കുന്നതിലെ അപാകതകൾംാ	മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിലും അളവ് പുസ്തകത്തിലും പൂർത്തിയാക്കിയ തീയതി തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് അശ്രദ്ധമൂലം ഉണ്ടായ ഗുരുതരമായ തെറ്റാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാകയാൽ ഈ അപാകതകൾ ഇനി ആവർത്തിക്കില്ല എന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.
41	1--29	ഗ്രാമപഞ്ചായത്തിലെ ഫണ്ട് വിനിയോഗത്തിൽ ഗണ്യമായ കുറവ്	2023-24 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മൂന്നാംഗഡു ലഭിച്ചത് 2024 മാർച്ച് 25 നു ആണ്. ടി ഗഡു ലഭിച്ചത് പൂർണ്ണമായും ബിൽ ആക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.എനാനൽ ടി ബില്ലുകൾ ട്രഷറിയിൽ പാസാകാതെ വരുകയും ക്യൂ ബില്ലിൽ ഉൾപ്പെട്ടുവരികയും ചെയ്തു . ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കുന്നതിനും പ്രോജക്ടുകൾ പൂർ്തതീകരിക്കുന്നതിനും ഭരണസമിതിയും നിർവ്വഹണ ഉദ്യോഗ്സഥരും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു

42	1--30	പതിനാറാം അംഗനവാടിയിലേക്കുള്ള റോഡിൽ കാനയും റോഡ് കോൺക്രീറ്റിഗും-അപാകതകൾ	16-ാം നമ്പർ അങ്കണവാടിക്കു സമീപം ഉള്ള കാണ നിർമ്മാണത്തിൽ സൈഡ് വാൾ നിർമ്മാണത്തേക്കാൾ കൂടുതൽ സ്ലാബ് നീളം ചെയ്തു എന്നത് സംബന്ധിച്ച പരാമർശത്തിൻ മേൽ ടി സ്ഥലത്തുള്ള ഒാട രണ്ടു പദ്ധതികളിലായി 120 മീറ്റർ നീളത്തിലാണ് നിർമ്മിച്ചത് . ആദ്യ പദ്ധതിയിൽ പൂർണ്ണമായും കവർ സ്ലാബ് ഇല്ലായിരുന്നു എന്നും ആയതിനാൽ ടി നീളം കൂടി ഉൾപ്പെടുത്തി കവർ സ്ലാബ് ചെയ്തതിനാലാണ് ഈ പദ്ധതിയിൽ കവർ സ്ലാബ് നീളം സൈഡ് വാളിനേക്കാൾ കൂടുതൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് . വളരെ കൃത്യതയോടും കൂടിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണിച്ച് അസിസ്റ്റന്റ് എൻജിനിയർ എൽ എസ് ജി ഡി നൽകിയ കത്ത് പരിഗണിച്ച് ഒാഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഒഡിറ്റ് ഒാഫീസറോട് ശുപാർശ ചെയ്തു തീരുമാനിച്ചു
43	1--31	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - വേതനം നൽകുന്നതിലെ അപാകതകൾ	FTO നമ്പർ 16176 / 08-05-2024 പ്രകാരം ജാവേദ് റഹ്മാൻ എന്നയാൾക്ക് 850/- രൂപ നിരക്കിലും 950/- രൂപ നിരക്കിലും തന്നെയാണ് വേതനം നൽകിയിട്ടുള്ളതെന്നും എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അധികരിക്കാതെയാണ് സെമി സ്കിൽഡ് വേതനം നൽകിയിട്ടുള്ളതെന്നും ഒാഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ഒരേ വ്യക്തിക്ക് 2 നിരക്കിൽ വേതനം നൽകിയത് അറിവില്ലായ്മ മൂലം ആണെന്ന് കാണിച്ച് എം ജി എൻ ആർ ഇ ജി എസ് അക്രഡിറ്റഡ് എൻജിനിയർ കത്ത് നൽകിയിട്ടുണ്ട് ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
44	1--32	ലൈഫ് ഭവന നിർമാണ പദ്ധതി - അഡ്വാൻസ് കൈപ്പറ്റി വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയായില്ല	ലൈഫ് ഭവന നിർമ്മാണത്തിനായി ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നും ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീടു നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന ഉത്തരവ് നിലവിൽ ഉള്ളതിനാൽ ആനുകൂല്യം കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നടത്താത്ത ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും ശേഷിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന ഒാഡിറ്റ് പരാമർശത്തിൻ മേൽ മറുപടി ലഭ്യമാക്കണെമെന്ന് കാ ണിച്ച് നിർവഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുള്ളതാണ്. ആയത് ലഭ്യമാക്കി ഒാഡിറ്റ് ഒാഫീസിൽ അറിയിക്കുന്നതാണ്.

45	2--1	സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് 6250/-രൂപയുടെ വരുമാന നഷ്ടം	എസ് ബി ഐ പുന്നപ്ര ,റ്റി ആർ സി എം പി യു സൊസൈറ്റി ,സെൻട്രൽ ഫിനാൻഷ്യൽ ക്രഡിറ്റ് ആന്റ് ഇൻവെസ്റ്റ് മെന്റ് കോപ്പറേറ്റീവ് ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് 2023-24 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണ്. സ്ഥാപന തൊഴിൽ നികുതി ഒടുക്കുക്കുന്ന മുറയ്ക്ക് ഒാഡിറ്റിൽ അറിയിക്കുന്നതാണ് ആയതിനാൽ പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
46	2--2	ടർഫിന്റെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല - പെർമിറ്റ് ഫീസിനത്തിൽ 2,26,716/- രൂപ നഷ്ടം	ഒാഡിറ്റ് പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുകയും ടർഫിന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് കത്ത് നൽകുന്നതിനും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ക്രമവത്കരണ ഫീസും നിയമ പ്രകാരമുള്ള വസ്തു നികുതിയും അടിയന്തിരമായി ഈടാക്കി പ്രസ്തുത വിവരം ഒാഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് തീരുമാനിച്ചു .ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. ഫീൽഡ് അന്വേഷണം നടത്തി അനധികൃത കെട്ടിട നിർമ്മാണം തടയുന്ന നടപടി കാര്യക്ഷമം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്,
47	2--3	അനധികൃത നിർമ്മാണം യു.എ നമ്പർ നൽകി ക്രമപ്രകാരമുള്ള വസ്തു നികുതി ഈടാക്കിയില്ല- 2,12,358/- രൂപയുടെ വരുമാന നഷ്ടം	ഒാഡിറ്റ് പരാമർശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുകയും ടർഫിന്റെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് കത്ത് നൽകുന്നതിനും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ക്രമവത്കരണ ഫീസും നിയമ പ്രകാരമുള്ള വസ്തു നികുതിയും അടിയന്തിരമായി ഈടാക്കി പ്രസ്തുത വിവരം ഒാഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് തീരുമാനിച്ചു .ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.

48	3--1	പഴയ നടക്കാവ് ംപി.എസ് വെളി കൂട്ടുങ്ങൽ ഡ്രെയിനേജ് നിർമ്മാണം -അപാകതകൾ	2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് 3-ാംം വാർഡിൽ പി എസ് വെളി കൂട്ടുങ്കൽ ഒാടനിർമ്മാണം എന്ന പദ്ധതിയിൽ നിലവിൽ ഉണ്ടായിരുന്ന ഒരു പൈപ്പ് ലൈനിലേയ്ക്ക് താഴ്ന്ന ഭാഗത്തെ മലിന ജലം എത്തിക്കാനുള്ള ഒാട നിർമ്മാണം ആയിരുന്നു വിഭാവനം ചെയ്തിരുന്നത് ഒാടയോട് അനുബന്ധിച്ച് പൈപ്പ് വന്ന ഭാഗത്ത് Cross drainage എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇത് അനുസരിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചത്. എന്നാൽ നിലവിൽ പൈപ്പ് മാറ്റി Cross drainage ചെയ്ത ഭാഗം ബാക്കിയുള്ള പൈപ്പിന്റെ ഇരു സൈഡിലും 25 cm വീതം കവർ ചെയ്താണ് side wall നിർമ്മാണം നടത്തിയിട്ടുള്ളത് . ആയതിനാലാണ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന 6-ാമത്തെ ഇനം അല്പം അധികരിച്ചു വന്നതായി കാണപ്പെട്ടത്, വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയും കൂടിയാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണിച്ച് അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകിയിട്ടുണ്ട് ആയത് പരിഗണിച്ച് ഒാഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് ഒാഡിറ്റ് ഒാഫീസറോട് ശുപാർശ ചെയ്തു തീരുമാനിച്ചു
49	3--2	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - വേതനം നൽകുന്നതിലെ അപാകതകൾംം	FTO നമ്പർ 16176 / 08-05-2024 പ്രകാരം ജാവേദ് റഹ്മാൻ എന്നയാൾക്ക് 850/- രൂപ നിരക്കിലും 950/- രൂപ നിരക്കിലും തന്നെയാണ് വേതനം നൽകിയിട്ടുള്ളതെന്നും എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അധികരിക്കാതെയാണ് സെമി സ്ക്കിൽഡ് വേതനം നൽകിയിട്ടുള്ളതെന്നും ഒാഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന ഒരേ വ്യക്തിക്ക് 2 നിരക്കിൽ വേതനം നൽകിയത് അറിവില്ലായ്മ മൂലം ആണെന്ന് കാണിച്ച് എം ജി എൻ ആർ ഇ ജി എസ് അക്രഡിറ്റഡ് എൻജിനിയർ കത്ത് നൽകിയിട്ടുണ്ട് ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ഒാഡിറ്റ് ഒാഫീസറോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു.
50	3--3	പതിനാറാം അംഗനവാടിയിലേക്കുള്ള റോഡിൽ കാനയും റോഡ് കോൺക്രീറ്റിംഗും-അപാകതകൾ	2023-24 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മൂന്നാംഗഡു വന്നത് 2024 മാർച്ച് 25 നു ആണ്. ടി ഗഡുവന്നത് പൂർണ്ണമായും ബിൽ ആക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.എനാനൽ ടി ബില്ലുകൾ ട്രഷറിയിൽ പാസാകാതെ വരുകയും ക്യൂ ബില്ലിൽ ഉൾപ്പെട്ടുവരികയും ചെയ്തു . ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കുന്നതിനും പ്രോജക്ടുകൾ പൂർ്തതീകരിക്കുന്നതിനും ഭരണസമിതിയും നിർവ്വഹണ ഉദ്യോഗ്സഥരും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു
51	4--1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	വായിച്ച് ബോധ്യപ്പെട്ടു.

52	4--2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	വായിച്ച് ബോധ്യപ്പെട്ടു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്ത് അപ്ഡേറ്റ് ചെയ്യുന്നതാണ്.
53	4--3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	ഇല്ല.
54	4--4	വായ്പ/വായ്പ തിരിച്ചടവ്	വായിച്ച് ബോധ്യപ്പെട്ടു
55	4--5	സ്ഥിര നിക്ഷേപം	ഇല്ല.
56	4--6	ഓഡിറ്റ് റിക്കവറി	വായിച്ചു ബോധ്യപ്പെട്ടു.

57	4--7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക 2.1 (എ) – പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന സെന്റ് ഗ്രിഗോറിയസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന കെട്ടിട നമ്പർ 2/526 ബി മുതൽ 2/526 എൻ വരെയുള്ള 13 കടമുറികളുടെ വസ്തു നികുതി 5 മീറ്റർ കൂടുതൽ വീതിയുള്ള റോഡ് ഉൾപ്പെടുത്തി 2016-17 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ നികുതി പുനർ നിർണയിച്ചിട്ടുള്ളതാണ്. ഡിമാന്റ് നോട്ടീസ് അയച്ച് നികുതി പലിശ സഹിതം ഈടാക്കി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ഖണ്ഡിക 2.1(ബി)1 – ശ്രീ. അഹമ്മദ് അസീസ് കുട്ടി, കോമനവെളിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 2/501 ഇ നമ്പർ കെട്ടിടത്തിൻറെ വസ്തു നികുതി 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ഉൾപ്പെടുത്തി 2013-14 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ പുനർ നിർണ്ണയിച്ചിട്ടുണ്ട്. മേൽ തുക പലിശ സഹിതം ഈടാക്കി യിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. ഖണ്ഡിക 2.1(ബി)2.- സെന്റ് ഗ്രിഗോറിയസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ വസ്തു നികുതി 2013-14 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കി അസസ്സ് ചെയ്ത് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. തുക പലിശ സഹിതം ഈടാക്കി യിട്ടുള്ളതാ ണ്. അതുപോലെതന്നെ ശ്രീ അശോകൻ വിലാസ് കോട്ടേജ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 9/20 എ നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 166.7 ച.മീ. കണക്കാക്കി 2016-17 വർമുതൽ ഈടാക്കുന്നതിന് നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളതാണ്. ടി തുക പലിശ സഹിതം ഈടാക്കിയിട്ടുള്ളതാണ്. പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു

	04--07	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക 2.1(ബി)3 – കാർമൽ പോളി ടെക്നിക് സൂപ്പീരിയറിന്റെ ഉടമസ്ഥതയിലുള്ള 11/561 നമ്പർ ഹോസ്റ്റൽ കെട്ടിടത്തിന്റെ നികുതി അസസ്സ് ചെയ്യാതിരുന്നതുമൂലും പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് 2013-14 മുതൽ മുൻകാല് പ്രാബല്യത്തിൽ ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളതും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 2013-14, 2014-15 വർഷങ്ങളിലെ കെട്ടിട നികുതി 13/6/2017 ല് 117010100541 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. ആകയാൽ ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. ഖണ്ഡിക 2.1(ബി)4 – ഓഡിറ്റോറിയങ്ങളുടെ വസ്തു നികുതീ ഈടാക്കാത്തത് സംബന്ധിച്ച്- ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള സെന്റ് ഗ്രിഗോറിയസ് ചർച്ച്, സെന്റ് ജോസഫ് ചർച്ച്, ഷറഫുൾ ഇസ്ലാം സംഘം , സെന്റ് ജോൺ മരിയ വിയാനി ചർച്ച് എന്നിവയുടെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയങ്ങൾക്ക് നികുതി അസസ്സ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. അറവുകാട് ക്ഷേത്രം വക സദ്യാലയത്തിന് നികുതി കുടിശിക അടവാക്കുന്നതിന് നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ ഓഡിറ്റോറിയങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ്.
	4--8	ചാർജ്ജ്/സർച്ചാർജ്ജ്	ഇല്ല.
	4--9	ഓഡിറ്റ് പ്രത്യവലോകനം	വായിച്ച് ബോധ്യപ്പെട്ടു. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
	4--10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	വായിച്ചു ബോധ്യപ്പെട്ടു .നടപടികൾ സ്വീകരിച്ചു വരുന്നു